## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1913 — 04/05/2017-ൽ മറുപടിക്ക്

### ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കസ്റ്റമർ കെയർ സെന്റർ എന്ന ആശയം വൈദ്യുതി ബോർഡിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കേരളത്തിലെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കുമായി തിരുവനന്തപുരം വൈദ്യുതി ഭവനോട നുബന്ധിച്ച് ഒരു കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ പ്രവർത്തിച്ചു വരുന്നു. |
| (ബി) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ സേവനങ്ങൾക്കും വൈദ്യുതി ബില്ല് തുക അടയ്ക്കുന്നതിനും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വൈദ്യുതി ചാർജ് അടയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടർ കൂടാതെ ഓൺലൈനായി വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. അതിനാൽ സെക്ഷൻ ഓഫീസിൽ നേരിട്ട് പോകാതെ ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടയ്ക്കാൻ സാധിക്കും. ഇത് കൂടാതെ അക്ഷയ കേന്ദ്രങ്ങൾ വഴിയും വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ട്. |
| (സി) | ഇതിനായി ഒരു കസ്റ്റമർ കെയർ സംവിധാനം ഇരിമ്പിളിയം പഞ്ചായത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനുള്ള നടപടികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; | (സി) & (ഡി) | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ കസ്റ്റമർ കെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമായിട്ടില്ല. |
| (ഡി) | ഇതു സംബന്ധിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മഞ്ചേരി എന്നിവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ